DESPATCHED
On..11/06/2020

20/03/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1033(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **6330**/എസ്.ഐ.സി–ജി 6/19)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.എസ്.ഹരിഹരൻ,
പള്ളത്തു വീട്, ജില്ലാ കോടതി വാർഡ്,
ആലപ്പുഴ I. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സൂപ്രണ്ട്, നഗരസഭാ കാര്യാലയം,
ആലപ്പുഴ.

2. അപ്പീൽ അധികാരി&
മുനിസിപ്പൽ എഞ്ചിനീയർ,
ആലപ്പുഴ നഗരസഭ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.12.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.01.2019/22.01.2019/25.01.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06.02.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19.02.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 06.04.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 11.04.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.10.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എസ്.ഹരിഹരൻ,

06.04.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 11.04.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1033(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പിലിനും സമയപരിധിയ്ക്കുള്ളിൽ വ്യക്തമായ മറുപടി ലഭിച്ചില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 27.12.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 10.08.2018ൽ E3.22571-ാം നമ്പറായി ഫയൽ ചെയ്ത ഹർജി പ്രകാരം സെക്രട്ടറി 09.10.2018ൽ സ്ഥലത്തു ഹാജരായി തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പും റിപ്പോർട്ടനുസരിച്ച് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം നൽകണമെന്നും 22.12.2011ൽ JSP.8470, 14690 എന്നീ നമ്പരുകളിലായി ഫയൽ ചെയ്തിട്ടുള്ള ഹർജികളിൽ എടുത്ത തീരുമാനങ്ങൾ എന്താണെന്ന് പകർപ്പുകൾ സഹിതം മറുപടി നൽകണമെന്നും തുടങ്ങി നിരവധി വിവരങ്ങളാണ്. ആയതിന് 19.01.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന കെട്ടിട നിർമ്മാണ ഫയൽ ട്രൈബ്യൂണലിൽ ഹാജരാക്കിയിരിക്കുന്നതിനാൽ മറുപടി നൽകുവാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചത്. എന്നാൽ 22.01.2019ന് നൽകിയ മറ്റൊരു മറുപടിയിൽ ടിയാന്റെ അപേക്ഷയിലെ 1, 2, 3, 7 എന്നീ ഇനങ്ങൾക്ക് മറുപടി നൽകിയിട്ടുണ്ടെന്നും വീണ്ടും 25.01.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട ഫയലുകൾ വിശദമായി പരിശോധിച്ചിട്ട് സെക്ഷനിൽ ലഭ്യമല്ലെന്നും ആയത് കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരികയാണെന്നും ടി ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യപ്പെട്ട പകർപ്പുകൾ നൽകുന്നതാണെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 19.02.2019 മറുപടി നൽകിയതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 24.10.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യങ്ങൾക്കൊന്നും ഒന്നും രണ്ടും എതിർകക്ഷികൾ വ്യക്തമായ മറുപടി നൽകിയിട്ടില്ലെന്നും ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം

എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന ബിൽഡിംഗ് സംബന്ധിച്ച ഫയൽ കേസ് ആവശ്യത്തിനായി ട്രൈബ്യൂണലിൽ ആയതിനാൽ ടിയാന്റെ ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന ഹർജികൾ പ്രകാരമുള്ള മറുപടികൾ ലഭ്യമാക്കാൻ സാധിച്ചിട്ടില്ലെന്നും ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും സ്വകാര്യ വസ്തുവായതിനാൽ തീരുമാനം എടുത്തിട്ടില്ലെന്നും ടി കാര്യങ്ങൾ ചെയ്യേണ്ടത് പ്രസ്തുത കൗൺസിലാണെന്നുമാണ്. എന്നാൽ ഡിപ്പാർട്ട്മെന്റ് മുഖേന ചെയ്യേണ്ടതാണെന്ന് 2014ൽ മറുപടി നൽകിയിട്ടുണ്ടെന്ന് ഹർജിക്കാരൻ കമ്മീഷനു മൊഴി നൽകി. ഇരുകക്ഷികളുടെയും മൊഴിയുടെ അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരന് പരാതി പരിഹാരമാണ് വേണ്ടത് എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ പരാതി പരിഹാരം കമ്മീഷന്റെ അധികാര പരിധിയിൽ വരുന്ന വിഷയമല്ലാത്തതിനാൽ ഉചിതമായ ഫോറങ്ങളിൽ അപേക്ഷ നൽകി ഹർജിക്കാരന്റെ ആക്ഷേപത്തിന് നിവൃത്തി വരുത്തേണ്ടതാണെന്ന് ടിയാന് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 20–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/